ക്രിസ്തുവർഷം 345ൽ  ക്നായി തോമായുടെയും ഉർഹാ മാർ യൗസേപ്പിന്റെയും നേതൃത്വത്തിൽ ദക്ഷിണ മെസൊപൊട്ടോമിയയിൽ നിന്ന് കൊടുങ്ങല്ലൂരിൽ കുടിയേറിയതാണ് ക്നാനായ സമൂഹം. അവിടെ നിന്ന് കടുത്തുരുത്തി, ഉദയംപേരൂർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് അവർ കുടിയേറി. ഈ കുടിയേറ്റ ചരിത്ര പാതയിൽ വാണിജ്യം, കൃഷി, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, സാമൂഹിക സേവനം, കല, ശില്പശാസ്ത്രം തുടങ്ങിയ മേഖലകളിൽ സംഭാവന ചെയ്തുകൊണ്ട് സമൂഹം ുമ്പോട്ട് നീങ്ങി...

കേരളത്തിലെ ഏറ്റവും പുരാതനമായ പള്ളികളിൽ ഒന്നാണ് ക്നാനായ സമൂഹത്തിന്റെ കടുത്തുരുത്തിയിലെ വലിയ പള്ളി. വടക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനമായ കടുത്തുരുത്തി, പുരാതന ഉണ്ണിനീലി സന്ദേശം അമരത്തം ആക്കിയ നിലം, ക്രിസ്തീയ പൗരാണികതയുടെ അമൂല്യ സ്മൃതികളാൽ സമ്പന്നമാണ്. വട്ടെഴുത്തിൽ കൊത്തിയ ഗ്രാനൈറ്റ് ശിലാശാസനങ്ങൾ, പേർഷ്യൻ കുരിശുകൾ, പോർച്ചുഗീസ് ശിൽപ വൈഭവങ്ങൾ എന്നിവ  ഇവിടുത്തെ പ്രത്യേകതകളാണ്. 1597ൽ സ്ഥാപിത

പ്രകടമാക്കുന്ന അമൂല്യമായ സൃഷ്ടിയാണ്.

പ്രസ്തുത  സംഭാവനകളെ വിളിച്ചോതുന്ന സിംപോസിയമാണ് കടുത്തുരുത്തി തരുതായ്കൾ (ക്രിസ്ത്യാനികൾ) എന്ന പേരിൽ നടത്തപ്പെടുന്നത്. സഭാ കൂട്ടായ്മയ്ക്കും പൊതുസമൂഹത്തിനും ക്നാനായ സമുദായം നൽകിയ സംഭാവനകളെ പഠനവിധേയമാക്കുന്നതാണ് ഈ സിംപോസിയം.

സിംപോസിയത്തിൽ1606ൽ കോയിംബ്രയിൽ അന്തോണിയോ ഗുവെയ്യാ പ്രസിദ്ധീകരിച്ച പോർച്ചുഗീസ് ഭാഷയിലുള്ള ജോർണാദായുടെ, 1850 ൽ തയ്യാറാക്കിയ കടുത്തുരുത്തി മലയാളം പരിഭാഷ  പ്രകാശനം ചെയ്യുന്നു. ഉദയം പേരൂർ സൂനഹദോസിനെ കുറിച്ചും 16ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലെ മലബാറിലെ ജീവിതത്തെ കുറിച്ചും അമൂല്യമായ തെളിവുകൾ പ്രദാനം ചെയ്യുന്നതാണ് ഈ അമൂല്യ  ഗ്രന്ഥം.

വിശ്വാസത്തെ ആഴപ്പെടുത്തുകയും പൈതൃകത്തെ പുതു തലമുറകളിലേക്ക് പകർന്നു നൽകുകയും ചെയ്യുന്ന ഈ പഠനവേദിയിലേക്ക് ഏവരെയും ഹൃദയപൂർവ്വം  സ്വാഗതം ചെയ്യുന്നു.



